കായംകുളം താലൂക്ക് രൂപീകരിക്കുവാൻ സാമ്പത്തികാനുമതി

25 (1848) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്ക് രൂപീകരിക്കുവാൻ ധനകാര്യവകുപ്പ് ആവശ്യ മായ സാമ്പത്തികാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

രണ്ടായിരത്തി ഒന്നാമാണ്ടിലെ സെൻസസ് എടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ രണ്ടായിരാമാണ്ട് ഏപ്രിൽ മാസം മുതൽ തുടങ്ങുന്നതിനാൽ സെൻസസ് ഡയറക്ടറുടെ അഭ്യർത്ഥന മാനിച്ച് ഭരണയൂണിറ്റുകളുടെ അതിർത്തികളിൽ മാറ്റം വരുത്തുവാനുള്ള ശുപാർശകൾ രണ്ടായിര ത്തിയൊന്നാമാണ്ട് മാർച്ച് മാസത്തിനുശേഷം മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

കാസർഗോഡ് ജില്ലാ ആയുർവേദ ഓഫീസിന് വാഹനം വാങ്ങാൻ ഫണ്ട്

26 (1849) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആയുർവേദ ഓഫീസിന് വാഹനം വാങ്ങാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തു നടപടിയാണ് സ്വീകരിച്ചതെന്നും വാഹനം വാങ്ങുവാൻ അനുവാദം നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) എങ്കിൽ എന്നാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഡി) പിന്നോക്ക ജില്ല എന്ന പ്രത്യേക പരിഗണന നൽകി ജില്ലാ മെഡിക്കൽ ആയുർവേദ ഓഫീസിൽ വാഹനം വാങ്ങാൻ അനുവാദം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബഡ്ജറ്റിൽ ഇതിനായി തുക വകയിരുത്തിയിട്ടുണ്ട്.

(ബി)-(ഡി) വാഹനം വാങ്ങുന്നതിന് അനുവാദം നൽകിയിട്ടില്ല. ഇക്കാര്യം വ്യയ നിർണ്ണയ ഉത്തരവിന്റെ പരിധിയിൽ വരുന്നതിനാൽ ഇപ്പോൾ ഉത്തരവ് പുറപ്പെടുവിക്കുവാൻ കഴിയുകയില്ല.

ജില്ലാ ആശുപത്രി കെട്ടിടനിർമ്മാണത്തിന് ഫണ്ട്

27 (1850) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആശുപത്രി കെട്ടിടനിർമ്മാണ ഫണ്ട് ലഭി ക്കാത്തതുകൊണ്ട് പ്രവർത്തനം തടസ്സപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനാവശ്യ മായ തുക നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly